പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3643 — 19-02-2013 -ൽ മറുപടിക്ക്.

<u>എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണ വിഭാഗം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണ വിഭാഗത്തിന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് എത്ര സ്പിരിറ്റ് - കഞ്ചാവ് കടത്തുകൾ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, വിവിധ കേസ്സുകളിലായി, 38785.500 ലിറ്റർ സ്പിരിറ്റും, 599.863 കിലോ കഞ്ചാവും പിടികൂടിയിട്ടുണ്ട്. |
| (ബി) | എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; | (ബി) | തൃപ്തികരമാണ്. |
| (സി) | എങ്കിൽ, രഹസ്യവിവരങ്ങൾ കൈകാര്യം ചെയ്യുന്നതിന് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുതിയ സ്ക്വാഡുകൾ രൂപീകരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ; | (സി) | അബ്കാരി കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് യഥാസമയം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഫീൽഡ് യൂണിറ്റുകളെ സഹായിക്കുവാനും, എക്സൈസ് കമ്മീഷണർക്ക് നേരിട്ട് കിട്ടുന്ന രഹസ്യ വിവരണങ്ങളിന്മേൽ കാര്യക്ഷമമായി നടപടി എടുക്കുന്നതിനും വേണ്ടിയാണ്, എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുതിയ സ്ക്വാഡുകൾ രൂപീകരിച്ചത്. |
| (ഡി) | പ്രസ്തുത പുതിയ സംവിധാനം നിലവിൽ വന്നപ്പോൾ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | എങ്കിൽ പ്രസ്തുത സംവിധാനം രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനത്തെ നിർജ്ജീവമാക്കില്ലേ? | (ഇ) | ഇല്ല. പുതിയ സ്ക്വാഡിന്റെ രൂപീകരണത്തോടെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനവും, എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനവും കൂടുതൽ ഊർജ്ജസ്വലമായിട്ടുണ്ട്. |

സെക്ഷൻ ആഫീസർ